## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1264 — 06/02/2020-ൽ മറുപടിയ്ക്ക്

## പ്രീ-പ്രൈമറി വിദ്യാഭ്യാസം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പ്രീ-പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും പ്രശ്നങ്ങൾ പഠിക്കുന്നതിനും, സേവന-വേതനവ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുമായി സർക്കാർ കുഞ്ഞിരാമൻ കമ്മീഷനെ നിയമിച്ചത് എപ്പോഴാണ്; | (എ) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പി.ടി.എ യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറിയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി പഠനസമിതി രൂപവൽക്കരിക്കുന്നതിനും പഠനം നടത്തുന്നതിനുമായി 23/03/2017-ലാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ബി) പ്രസ്തുത കമ്മീഷന്റെ കാലാവധി, പഠനവിഷയങ്ങൾ, പ്രവർത്തനപുരോഗതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) കമ്മീഷന്റെ കാലാവധി 2 മാസമായിരുന്നു. പ്രീ-പ്രൈമറിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ചാണ് ഉത്തരവ്. പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.<br>1 എസ്.സി.ഇ.ആർ.ടി, ഡോ. ടി.വി. കുഞ്ഞിരാമൻ ചെയർമാനായി 6 അംഗ കമ്മിറ്റി രൂപീകരിച്ചു.<br>2 14 ജില്ലകളിലെയും ഡയറ്റുകളുടെ നേതൃത്വത്തിൽ പഠനം നടന്നു.<br>3 വിവരശേഖരണം പൂർത്തിയായി<br>4 റിപ്പോർട്ട് പൂർത്തിയായി വരുന്നു.<br>5 ദേശീയതലത്തിൽ രൂപപ്പെട്ട ഇ.സി.സി.ഇ പോളിസി, പാഠ്യപദ്ധതി, ന്യൂ എഡ്യൂക്കേഷൻ പോളിസി (ഡ്രാഫ്റ്റ്) എന്നിവയുടെ അടിസ്ഥാനത്തിൽ പുനർ ചർച്ചകൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും 2015 ലെ ശമ്പളക്കമ്മീഷൻ ശുപാർശ പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ; | (സി) | സർക്കാരിന്റെ കീഴിലുള്ള പ്രീ-പ്രൈമറി സ്കൂൾ അദ്ധ്യാപികമാർക്കും ആയ മാർക്കും അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പ്രീ-പ്രൈമറി സ്കൂളുകളിൽ ഉച്ച ഭക്ഷണപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതി നടപ്പിലാക്കിയ എത്ര പ്രൈമറി സ്കൂളുകളുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | അംഗീകാരമുള്ള പ്രീ-പ്രൈമറി സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആകെ 4030 എണ്ണം പ്രീ-പ്രൈമറികളെ ഉച്ചഭക്ഷണ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | പ്രീ-പ്രൈമറി സ്കൂളുകളിൽ സർക്കാർ/എയ്ഡഡ് വ്യത്യാസമില്ലാതെ പുസ്തക വിതരണത്തിനുള്ള തീരുമാനം നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | ഇല്ല. സർക്കാർ അംഗീകൃത പ്രീ-പ്രൈമറികളിൽ പുസ്തക വിതരണം നടന്നു വരുന്നു. |

Reena

സെക്ഷൻ ഓഫീസർ